# വാതപ്പനി (റൂമാറ്റിക് ഫീവർ)



ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ
മെഡിക്കൽ സയൻസസ് & ടെക്നോളജി
തിരുവനന്തപുരം - 695 011, കേരള

Tel. : 0471-2443152 E-mail : sct@sctimst.ac.in
www.sctimst.ac.in

## വാതപ്പനി (റൂമാറ്റിക് ഫിവർ)

നമ്മുടെ നാട്ടിൽ സാധാരണയായി കണ്ടുവരുന്ന ഒരു രോഗമാണ് വാതപ്പനി. ഹൃദയം പമ്പ് ചെയ്യുന്ന രക്തത്തെ ശരിയായ ദിശയിലേക്ക് കടത്തിവിടുക എന്ന പ്രധാനകർത്തവ്യം നിർവ്വഹിക്കുന്ന വാൽവുകൾക്ക് ദൂരവ്യാപകമായ പ്രത്യാഘാതമാണ് ഈ രോഗം മൂലമുണ്ടാകുന്നത്.

വാതപ്പനിയുടെ ആരംഭം സന്ധിവീക്കവും പനിയുമായിട്ടാണ്. വിട്ടുവിട്ടുണ്ടാകുന്ന തൊണ്ടവേദനയും പല രോഗികളിലും കാണാറുണ്ട്. സ്ട്രെപ്റ്റോകോക്കസ് എന്ന രോഗാണുവാണ് ഇതിന് ഹേതു. രോഗാണുക്കളെ നശിപ്പിക്കാൻ വേണ്ടി നമ്മുടെ ശരീരത്തിനുള്ളിൽ തന്നെ നിർമിക്കുന്ന ആന്റിബോഡികൾ രോഗാണുക്കളെയും, രോഗാണുക്കളുടെ ശരീരത്തിൽ കാണുന്ന ചില രാസപദാർത്ഥങ്ങളുമായി സാദൃശ്യമുള്ള മനുഷ്യ ഹൃദയത്തിലേയും സന്ധികളിലേയും രാസപദാർത്ഥങ്ങളെയും നശിപ്പിക്കുന്നു. ഇത് ഭാവിയിൽ ഹൃദയവാൽവുകളുടെ പ്രവർത്തനവൈകല്യത്തിന് കാരണമാകുന്നു. ഈ പ്രശ്നങ്ങൾക്ക് വാൽവ് മാറ്റി വയ്ക്കൽ ശസ്ത്രക്രിയവരെ വേണ്ടി വന്നേയ്ക്കാം.

ശ്വാസ തടസ്സം, അമിത നെഞ്ചിടിപ്പ് എന്നീ ലക്ഷണങ്ങൾ പ്രകടമാക്കുന്നത് വാതപ്പനി ഹൃദയപേശികളെ ബാധിച്ചതിന് തെളിവാണ്. ഹൃദയമിടിപ്പ് ക്രമീകരിക്കുവാനുള്ള പ്രത്യേക കണ്ടക്ഷൻ ടിഷ്യൂകൾ, ഹൃദയത്തിന് ചുറ്റുമുള്ള ആവരണം അഥവാ പെരികാർഡിയം, ഹൃദയ

പേശികൾ എന്നിവയേയും വാതപ്പനിയുടെ ദൂഷ്യഫലം ബാധിച്ചേക്കാം.

പ്രധാനമായും ഹൃദയത്തിന്റെ ഇടതുമേലറയും കീഴറയും തമ്മിൽ ബന്ധിപ്പിക്കുന്ന മൈട്രൽ വാൽവ്, അയോർട്ടയുടെ ആരംഭ ഭാഗത്തുള്ള അയോർട്ടിക് വാൽവ് എന്നിവയേയാണ് ഈ രോഗം ഗുരുതരമായി ബാധിക്കുന്നത്. വാൽവുകൾ ചുരുങ്ങി പോവുക (സ്റ്റെനോസിസ്), കൃത്യമായി അടയാതിരിക്കുക (ഇൻകോംപിറ്റൻസ്) തുടങ്ങിയ പ്രശ്നങ്ങൾ രക്തത്തിന്റെ സ്വാഭാവികമായ ഒഴുക്കിനെതടസ്സപ്പെടുത്തുന്നു. മാത്രമല്ല ഹൃദയ ഭിത്തികൾ അമിതമായി വികസിയ്ക്കാനും ഇത് കാരണമാകുന്നു.

സ്ട്രെപ്റ്റോകോക്കസ് കൊണ്ട് ഉണ്ടാകുന്ന തൊണ്ടവേദന തുടക്കത്തിൽ തന്നെ ചികിത്സിച്ചാൽ വാതപ്പനി വരുന്നത് തടയാൻ സാധിക്കും. മാത്രമല്ല ഒരു പ്രാവശ്യം വാതപ്പനി വന്നാൽ, പിന്നീട് ഓരോ തവണ സ്ട്രെപ്റ്റോകോക്കസ് തൊണ്ടവേദനവരുമ്പോഴും വാതപ്പനി വരുവാനുള്ള സാദ്ധ്യതയുണ്ട്. അതിനാൽ വാതപ്പനിവന്നിട്ടുള്ളവർ സ്ട്രെപ്റ്റോകോക്കസ് കൊണ്ടുണ്ടാവുന്ന തൊണ്ടവേദനവരാതിരിയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിയ്ക്കണം. ഇതിനുവേണ്ടി, മൂന്നാഴ്ചയിലൊരിയ്ക്കൽ പെൻസിലിൻ കുത്തിവയ്പ്പ് എടുക്കുകയോ പെൻസിലിൻ ഗുളികകൾ കഴിയ്ക്കുകയോ ചെയ്യാവുന്നതാണ്.

കൃത്യമായ ഇടവേളകളിൽ പരിശോധനയും ചികിത്സയും നടത്തി വാതപ്പനി കൊണ്ടുണ്ടാക്കുന്ന ദൂഷ്യഫലങ്ങൾ ലഘൂകരിക്കാനാവും.